പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 925 — 30/10/2019 ൽ മറുപടിക്ക്

**പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ഫാമുകൾക്ക് ധനസഹായം**

ചോദ്യം

ശ്രീ. സജി ചെറിയാൻ:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | |
|---|---|---|
| എ) | പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാനത്തെ ചെറുകിട ഫാമുകൾക്ക് ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | **എ, ബി & സി**<br><br>ദുരന്തനിവാരണ മാനദണ്ഡപ്രകാരം **21.99** കോടി രൂപ സംസ്ഥാനത്താകെ ധനസഹായയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലെ ഉരുക്കൾ നഷ്ടപ്പെട്ട അർഹരായ **3535** കർഷകരുടെ **300** പശുക്കൾ **346** കിടാരികൾ, **1159** ആടുകൾ, **11384** കോഴികൾ, **25562** താറാവുകൾ എന്നിവയ്ക്ക് ആകെ **17412340/-** രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ദുരന്തനിവാരണ മാനദണ്ഡപ്രകാരം ചെറുകിട ഫാമുകൾക്കായി പ്രത്യേക ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല. |
| ബി) | വകുപ്പ് തലത്തിൽ ഈ ഇനത്തിൽ എത്ര തുകയാണ് സംസ്ഥാനത്ത് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; | |
| സി) | ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ഫാമുകൾക്ക് എത്ര തുക വീതം നൽകിയെന്നത് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ